I/74947/2023

**തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ഇടുക്കി ജില്ലാ നഗരാസൂത്രകന്റെനടപടിക്രമം**

(സാന്നിദ്ധ്യം: Mohammed Musthafa K )

വിഷയം:- കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ കൊന്നത്തടി വില്ലേജിൽ സർവ്വേ നമ്പർ 1/1-341-1-ൽ ഉൾപ്പെട്ട കീൻമേരി പബ്ലിക് സ്കൂൾ കെട്ടിടം ലേ ഔട്ട് അപ്പ്രൂവലുമായി ബന്ധപ്പെട്ട അപേക്ഷ.

പരാമർശം:-
1. Manager and Trust President Queen Mary Public School എന്നിവരുടെ 27/10/2021 -ലെ അപേക്ഷ
2. ഈ ഓഫീസിലെ 29/1/2022 ലെ TCPIDK/245/2021 നമ്പർ കത്ത്
3. Principal Queenmary Public School Panickankudy എന്നിവരുടെ 22/8/2023 ലെ പുതുക്കി സമർപ്പിച്ച അപേക്ഷ.
4. കൊന്നത്തടി ഗ്രാമപഞ്ചായത് സെക്രട്ടറിയുടെ 2/2/2022 ലെ A4-597/21 നമ്പർ സാക്ഷ്യപത്രം.

**ഉത്തരവ് നമ്പർ: LSGD/JD/IDK/4111/2023-G3 തിയതി: 15-09-2023**

കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ കൊന്നത്തടി വില്ലേജിൽ സർവ്വേ നമ്പർ 1/1-341-1-ൽ ഉൾപ്പെട്ട കീൻമേരി പബ്ലിക് സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾ, കീൻമേരി പബ്ലിക് സ്കൂൾ എന്നയാൾ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടി സ്കൂൾ കെട്ടിടത്തിന്റെ ക്രമവത്ക്കരണവുമായി ബന്ധപ്പെട്ട് മുൻപ് അപേക്ഷ നൽകുകയും ആയതിൽ ന്യൂനതകളുണ്ടായിരുന്നതിനാൽ അവ പരിഹരിച്ച് പുനഃസമർപ്പിക്കാൻ കത്തു മുഖാന്തിരം അറിയിച്ചിരുന്നതുമാണ്. ന്യൂനതകൾ പരിഹരിച്ച പ്ലാനുകൾ 22.08.2023 തീയതിയിൽ പുഃനസമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടത്തിൻറെ ലേ ഔട്ടിനും സ്ഥല വിനിയോഗത്തിനും അനുമതി നല്കി ഉത്തരവാകുന്നു .

Total Plot Area =7607 $m^2$

Plot 1 (school campus)= 4856 $m^2$

FSI with respect to school campus= 0.64

Coverage With respect to school campus =17.6%

Area Statement

| Description | Built Up area ($m^2$) | Floor Area ($m^2$) |
|---|---|---|
| Lower Ground Floor 1 | 198.40 | 198.40 |
| Upper Ground Floor | 862.44 | 767.82 |
| First Floor | 856.09 | 781.17 |
| Second Floor | 776.29 | 701.92 |
| Third Floor | 681.95 | 681.95 |

| | | |
|---|---|---|
| ആകെ നിർമ്മാണം | 3375.17$m^2$ | 3131.26$m^2$ |

**നിബന്ധനകൾ:-**

1. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള റവന്യൂ നിയമങ്ങൾക്കും( Land Assignment rule ന്) വിധേയമായും, , അനുസൃതമാണെന്നും രേഖകൾ പരിശോധിച്ച് ആധികാരികമാണെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ. 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും നിർമ്മാണാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. കെ.പി.ബി.ആർ. 2019 ചട്ടം 34(3)2 പ്രകാരമുള്ള സാനിറ്റേഷൻ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് കെ.പി.ബി.ആർ 2019 ചട്ടം 5(4)Proviso പ്രകാരം ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ആവശ്യമായ എല്ലാ അനുമതികളും വാങ്ങിയിട്ടുണ്ടെന്നും ആയതിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്നുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. കെ.പി.ബി.ആർ 2019 ചട്ടം 76(1)പ്രകാരം ഭൂഗർഭജല പോഷണ ക്രമീകരണത്തിനുള്ളസംവിധാനങ്ങൾകെ.പി.ബി.ആർ.2019 ചട്ടം 76(2) പ്രകാരം മഴവെള്ള സംഭരണ സംവിധാനങ്ങൾ എന്നിവ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
6. കെ.പി.ബി.ആർ. ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള Toilet,Lift സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
7. പ്രസ്തുത നിർമ്മാണത്തിൽ sanitary Napkin incinarator സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
8. പ്രസ്തുത നിർമ്മാണത്തിന് നൽകിയിട്ടുള്ള Fire escape staircase ചട്ടം 35 (10) അനുസരിച്ച് ഫയർ എസ്കേപ്പ് stair-ന്റെ എല്ലാ നിയമങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
9. പ്രസ്തുത നിർമ്മാണത്തിന് 37(1) പ്രകാരമുള്ള Exit Width ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
10. പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ കെ.പി.ബി.ആർ. 2019 ചട്ടം 95 (4) പ്രകാരം കോംപൗണ്ടിങ് ഫീസ് അടവാക്കേണ്ടതാണ്.
11. അപേക്ഷയും അനുബന്ധ പ്ലാനുകളും പ്രകാരമുള്ള നിർമ്മാണം/വികസനം ഉത്തരവിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രസ്തുത വസ്തുവിൽ അനുവദിക്കുന്നതിൽ അനൗചിത്യമില്ല എന്നുമാത്രമാണ് പ്ലോട്ട് യൂസേജ് ആൻഡ് ലേ ഔട്ട് അപ്രൂവൽ കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. ഈ ഉത്തരവ് ഭൂമിയുടെ ഉടമസ്ഥാവകാശമോ മറ്റേതെങ്കിലും തരത്തിലുള്ള അവകാശമോ സാധൂകരിക്കുന്ന

I/74947/2023

രേഖയല്ല/സാക്ഷ്യപത്രമല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേടേണ്ടതാണ് .

Mohammed Musthafa K
TOWN PLANNER
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇടുക്കി

Signed by Mohammed Musthafa K
Date: 15-09-2023 11:00:30
Reason: Approved

പകർപ്പ് : 1. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഇടുക്കി

2. സെക്രട്ടറി കൊന്നത്തടി ഗ്രാമപഞ്ചായത്ത്

3.കരുതൽ ഫയൽ

4. അധികം